ഹം ഗവമ്മെണ്ടിനുണ്ടെന്നുമാണു്. അതിനു വേണ്ടതായ അസ്ഥിവാരമിടാനുള്ള മോഹവും ഗവമ്മെണ്ടിനുണ്ടു്. അതു ഭാവി തലമുറക്കു് വിട്ടുകൊടുക്കുകമാത്രമേ തല്ക്കാലം ഗവമ്മെണ്ടിന്റെ ധനസ്ഥിതി ആലോചിക്കുമ്പോൾ നിവൃത്തിയുള്ളു. അതുകൊണ്ടു് ഇതിന്റെ പ്രായോഗികമായ ബുദ്ധിമുട്ടുകളെ പരിഗണിച്ചു് ഈ കട്ടു്മോഷൻ ഇവിടെ പ്രസ്സുചെയ്യുകയില്ലെന്നു ഞാൻ വിശ്വസിക്കുന്നു.

മിസ്സിസ്സു് ടി. ഫ്രാൻസിസ്സു്: സർ, ഗവമ്മെണ്ടിൽനിന്നു് ഇതിനെപ്പറ്റി കായ്മായിട്ടു് ആലോചിച്ചിട്ടുണ്ടെന്നും, അതിനെപ്പറ്റി റിക്കാട്ടാക്കീട്ടുണ്ടെന്നും പറഞ്ഞുകേൾക്കുന്നതിൽ എനിക്കു വളരെ സന്തോഷമുണ്ടു്. എങ്കിലും പണമില്ലെന്നുള്ള ഒരു കാരണം പറഞ്ഞു് ഇതു നീട്ടിക്കൊണ്ടുപോകുവാൻതക്ക ഒരു കായ്മമല്ലെന്നാണു് ഞാൻ പറയുന്നതു്. പണം ലോൺ എടുത്തോ മറേതെങ്കിലും വിധത്തിൽ ഈ കായ്മം നിവ്വഹിക്കേണ്ടതു ഗവമ്മെണ്ടിന്റെ ചുമതലയാണു്. ഇതിനെപ്പറ്റി ഇവിടെ പല മെമ്പർമാരും പലവിധത്തിലുള്ള പ്രസംഗങ്ങളും ചെയ്തുകയുണ്ടായി. ചിലർ പകുതി അനുകൂലിച്ചും, മറ്റുചിലർ അനുകൂലിച്ചും പ്രസംഗിക്കുകയുണ്ടായി. എന്നാൽ എനിക്കു പറയുവാനുള്ളതു നമ്മുടെ രാജ്യത്തെ മനുഷ്യരുടെ ആരോഗ്യം, രോഗനിവാരണം എന്നിവയ്ക്കുള്ള ഏകമാർഗ്ഗമാണു് ഇതു്. അതിനു ഡാക്ടർമാർ വളരെ അത്യാവശ്യമാണു്. ഇന്നു് ആലോപ്പതി ചികിത്സാസമ്പ്രദായമാണു് ലോകത്തിൽവെച്ചു് ഏറ്റവും പ്രാധാന്യമായിട്ടു മുന്നണിയിൽ നില്ക്കുന്നതു്. ആ ചികിത്സാസമ്പ്രദായത്തെപ്പറ്റി എന്റെ ഇടത്തുഭാഗമിരിക്കുന്ന ബഹുമാനപ്പെട്ട മെമ്പർ എത്രതന്നെ പറഞ്ഞാലും ഞാൻ വകവെച്ചുകൊടുക്കുന്നതല്ല. എന്നുവിചാരിച്ചു ഞാൻ ഹോമിയോപ്പതിയേയും ആയുർവ്വേദത്തേയും കുറ്റം പറയുന്നില്ല. ആലോപ്പതി ചികിത്സാസമ്പ്രദായം ഇന്നു ലോകം സ്വീകരിച്ചിട്ടുള്ള ഒരു മാർഗ്ഗമാണു്. അതുകൊണ്ടു് അതിനെ പ്രോത്സാഹിപ്പിക്കുവാൻ ഇങ്ങിനെ ഒരു കോളേജു തുടങ്ങുകയാണെങ്കിൽ നമ്മുടെ നാട്ടിൽ നല്ല ഡാക്ടർമാരുണ്ടാകുവാനും, അതു വഴി നമ്മുടെ നാടിനെ രോഗത്തിൽനിന്നു രക്ഷിക്കുവാനും സാധിക്കുന്നതാണു്. ഇതിനു് ആവശ്യമായ പണം ഉണ്ടാക്കേണ്ട മാർഗ്ഗം കണ്ടുപിടിക്കേണ്ടതു ഗവമ്മെണ്ടിന്റെ ചുമതലയാണു്. ബഹുമാനപ്പെട്ട മന്ത്രി അടുത്ത ഭാവിയിൽതന്നെ ഇതിനു വേണ്ടതായ ഏർപ്പാടുകൾ ചെയ്യാമെന്നു വാഗ്ദാനം ചെയ്തിട്ടുള്ളതുകൊണ്ടു് ഞാൻ ഇതു് ഇവിടെ പ്രസ്സുചെയ്യുന്നില്ല.

മിസ്റ്റർ എം. കെ. രാജു: റാം മോഹൻ പാലസ്സിലേക്കു ജനലാഗ്രപത്രി മാറുന്ന പദ്ധതിയും, മെഡിക്കൽ കോളേജു തുടങ്ങുന്ന കായ്മവും തമ്മിൽ ബന്ധിപ്പിച്ചുകൊണ്ടു ബഹുമാനപ്പെട്ട പൊതുജനാരോഗ്യമന്ത്രി പറയുകയുണ്ടായി. അപ്പോൾ ഭാവിയിൽ ഈ മെഡിക്കൽ കോളേജിന്റെ ആശയം രൂപമെടുത്തു വരികയാണെങ്കിൽ മെഡിക്കൽ കോളേജിനുള്ള സ്ഥലവുംകൂടി തീരുമാനിച്ചുകഴിഞ്ഞുവെന്നാണോ ഇതിന്റെ അർത്ഥം?

റാവു ബഹദൂർ ടി. കെ. നായർ: അങ്ങിനെ ഇതിനർത്ഥമില്ല. അന്നത്തെ ഭരണകർത്താക്കന്മാർക്കു് ആർക്കെങ്കിലും ഇതു വേണമെന്നു തോന്നിയാൽ അതിനുള്ള ഒരു തടസ്സമില്ലാതെയാക്കണം റാം മോഹൻ പാലസ്സു് എന്നു മാത്രമേ അതിനർത്ഥമുള്ളു.

Motion, by leave, withdrawn

(v) Concessions to Depressed Class students—Stopping of

മിസ്റ്റർ കെ. കെ. കണ്ണൻ: "To reduce the allotment of Rs. 62,19,604 for Education in Demand No. 23 by Re. 1 (To discuss the injustice done to the Depressed Class students by stopping concessions to those who failed continuously for two years in a class)." സർ, ഞാൻ ഈ ഖണ്ഡനോപക്ഷേപം ഇവിടെ അവതരിപ്പിക്കുവാൻ നിർബ്ബന്ധിതനായിട്ടുള്ളതു റിവൈസ്ഡ് എഡ്യൂക്കേഷൻ കോഡുപ്രകാരം അധഃകൃതവിദ്യാർത്ഥികൾ രണ്ടുകൊല്ലം തുടർച്ചയായി ഒരു ക്ലാസ്സിൽ തോല്ക്കുന്നപക്ഷം അവർക്കു നേരിട്ടുവരുന്ന ബുദ്ധിമുട്ടുകളെ അടിസ്ഥാനപ്പെടുത്തിയാണു്. ഇതിനുമുമ്പുണ്ടായിരുന്ന നിയമം അധഃകൃതകുട്ടികൾ ഒരു ക്ലാസ്സിൽ മൂന്നുകൊല്ലം തുടർച്ചയായി തോറ്റിട്ടുണ്ടെങ്കിൽ നാലാമത്തെ കൊല്ലം മുതൽ പകുതി ഫീസ്സു കൊടുത്താൽ മതിയെന്നായിരുന്നു. എന്നാൽ ഇപ്പോഴാകട്ടെ രണ്ടുകൊല്ലം തോറ്റുകഴിഞ്ഞാൽ മൂന്നാമത്തെ കൊല്ലം മുതൽ മുഴുവൻ ഫീസ്സും കൊടുക്കണമെന്നുള്ള നിർബ്ബന്ധമാണു് ഈ നിയമം മൂലം വന്നിരിക്കുന്നതു്. ഇതുമൂലം വ-ം, ന-ം, ഫ ൦-ം ക്ലാസ്സുകളിൽ തോറ്റിട്ടുള്ള വിദ്യാർത്ഥികൾക്കു മുഴുവൻ ഫീസ്സും കൊടുത്തു പഠിക്കേണ്ടതായിട്ടാണു് വന്നിരിക്കുന്നതു്. എന്റെ

LIBRARY ARCHIVES Kerala Legislative Assembly

അറിവിൽ ഞാറയ്ക്കൽ ഹൈസ്കൂളിൽ ആവ വിദ്യാർത്ഥികൾ മഴവൻ ഫീസ്സു കൊടുത്തു പഠിക്കേണ്ടതായിവന്നിട്ടുണ്ട്. രണ്ടുകൊല്ലം മാത്രം മഴവൻ ഫീസ്സ് ഇളവുചെയ്തിട്ട് മൂന്നാമത്തെ കൊല്ലം തോറ്റുകഴിഞ്ഞാൽ അപ്പോഴും ഫീസ്സിളവുചെയ്തുകൊടുക്കണമോയെന്നുള്ള ചോദ്യം ഇവിടെ ഉത്ഭവിക്കുന്നുണ്ട്. വാസ്തവത്തിൽ അതൊരു ശരിയായ ചോദ്യമാണെന്നു സമ്മതിക്കാം. പക്ഷെ, പ്രായോഗികമായി നോക്കുമ്പോൾ അധഃകൃതവിദ്യാർത്ഥികളെ സംബന്ധിച്ചിടത്തോളം അവർക്കു പഠിപ്പിനു വളരെ തടസ്സങ്ങൾ നേരിടുന്നുണ്ടെന്നുള്ളതു ഗവമ്മെണ്ടിനെ മനസ്സിലാക്കുന്നതിനുവേണ്ടിയാണു് ഞാൻ ഈ പ്രമേയം കൊണ്ടുവന്നിട്ടുള്ളതു്. ഇന്നു് അധഃകൃതവിദ്യാർത്ഥികളിൽ അധികംപേരും സാധാരണയായി സ്കൂളുകളിലേക്കു പോകുന്നതു ശരിയായിട്ടുള്ള ക്ഷേണം കഴിക്കാതെയാണു്. പ്രത്യേകിച്ചു കുഗ്രാമങ്ങളിലുള്ള അധഃകൃത വിദ്യാർത്ഥികളിൽ വളരെപ്പേർ പട്ടിണിയോടുകൂടിയാണു് സ്കൂൾ ജീവിതം കഴിച്ചുകൂട്ടുന്നതെന്നുള്ള വാസ്തവം എനിക്കു നേരിട്ടറിയാവുന്നതാണു്.

Mr. President : The Hon'ble Member can continue after lunch.

Mr. K. Ayyappan *(Minister for Public Works):* I think the arrangement is that at 5 p. m. all the items will be put to vote. Seven days are allotted and all the demands will have to be put at 5 p. m.

Mr. P. K. Dewer *(Nominated):* The Education budget was taken up at 4 p. m. yesterday.

Mr. President : This will be put at 4 p. m. or before. Finally all items will be put at 5 p. m.

The House rose for lunch at 1-30 p. m. and reassembled at 2-30 p. m. with the Hon'ble President in the chair.

മിസ്റ്റർ കെ. കെ. കണ്ണൻ: സർ, ഞാൻ മുമ്പു പറഞ്ഞതുപോലെ സമയത്തിനു് ആഹാരം കിട്ടാതെ കുട്ടികളുടെ ആരോഗ്യത്തിനു് ഹാനി സംഭവിക്കുവാൻ ഇടയാകുന്നതുകൊണ്ടു് അവർക്കു് ശരിക്കു് പഠിച്ചുപോകുവാൻ പ്രയാസം നേരിടുന്നുണ്ടു്. വിദ്യാർത്ഥികൾക്കു് അവരുടെ ആരോഗ്യം നിലനിർത്തുകയെന്നുള്ളതു് ഏറ്റവും ആവശ്യമായിട്ടുള്ളതാണെന്നാണു് ഞാൻ വിശ്വസിക്കുന്നതു്. അതിനു് പ്രയാസം അവർക്കു് ധാരാളമായി നേരിടുന്നുണ്ടു്. തൻമൂലം അവർ ഒരു ക്ലാസ്സിൽതന്നെ തുടർച്ചയായി രണ്ടോ, മൂന്നോ കൊല്ലം തോല്ക്കുന്നതിനു് ഇടയാകുന്നുണ്ടു്. അതുപോലെതന്നെ ചില സ്കൂളുകളിൽ സമയത്തിനു് പുസ്തകം കിട്ടാത്ത ബുദ്ധിമുട്ടു് നേരിടുന്നുണ്ടു്. ഈ മാതിരിയിലുള്ള ഒരു പരിതഃസ്ഥിതിയിൽ അവർ ഒന്നോ, രണ്ടോ കൊല്ലം തോല്ക്കുന്നുണ്ടെങ്കിൽ അതിൽ അത്ഭുതമില്ലെന്നാണു് എനിക്കു പറയുവാനുള്ളതു്. എന്നാൽ അധഃകൃത വിദ്യാർത്ഥികളുടെ ബുദ്ധിസാമർത്ഥ്യത്തെ സംബന്ധിച്ചേടത്തോളം പലർക്കും പലവിധത്തിലുള്ള ഭിന്നാഭിപ്രായങ്ങളുണ്ടു്. സാധാരണയായിട്ടു് അധഃകൃത വിദ്യാർത്ഥികൾ പഠിപ്പിൽ വളരെ പിന്നോക്കമാണെന്നു് ഒരു ധാരണ ചിലർക്കുണ്ടു്. എന്നാൽ അതു് അങ്ങിനെതന്നെ സമ്മതിച്ചുകൊടുക്കുവാൻ സാധ്യമല്ല. അവർക്കു് ഈ മാതിരി ദയനീയമായ പരിതഃസ്ഥിതികളിൽ രണ്ടോ, മൂന്നോ കൊല്ലം തോല്ക്കുവാൻ ഇടവരുന്നതാണെന്നുള്ള ഒരു സംഗതി വാസ്തവത്തിൽ ഇന്നു പരിഗണിയിരിക്കുന്നു. ഈ കാര്യത്തിൽ ഗവമ്മെണ്ടിന്റെ ഔദാര്യബുദ്ധി പതിയേണ്ടതു് അത്യാവശ്യമാണു്. ചുരുങ്ങിയതു് ഏതാനും കുറച്ചു കാലത്തേക്കെങ്കിലും മൂന്നുകൊല്ലം തോറ്റാൽപോലും അവർക്കു് ആ മൂന്നു കൊല്ലത്തേക്കു് പരിപൂർണ്ണമായ സൌജന്യം അനുവദിച്ചു കൊടുക്കണമെന്നുള്ള സംഗതി ഗവമ്മെണ്ടിന്റെ ശ്രദ്ധയിൽ പെടുത്തേണ്ടതു് ഏറ്റവും അത്യാവശ്യമാണു്. ഇപ്പോൾതന്നെ എട്ടും, ഒമ്പതും, പത്തും ക്ലാസ്സുകളിൽ രണ്ടുകൊല്ലം തോറ്റിട്ടുള്ള കുട്ടികൾ വളരെ കഷ്ടതകൾ അനുഭവിക്കേണ്ടിവരുന്നുണ്ടു്. അതുകൊണ്ടു ഗവമ്മെണ്ടു് ഈ കാര്യത്തിൽ അനുഭാവപൂർവ്വം പ്രവൃത്തിക്കുമെന്നുള്ള പ്രതീക്ഷയോടുകൂടി ഞാൻ ഈ ഉപക്ഷേപം ഇവിടെ അവതരിപ്പിച്ചുകൊള്ളുന്നു.

റാവുസാഹിബു് കെ. അയ്യപ്പൻ: സർ, അധഃകൃത കുട്ടികൾ ഒരു ക്ലാസ്സിൽ രണ്ടു കൊല്ലം തോറ്റുകഴിഞ്ഞാൽ പിന്നെ കൺസ്സഷൻ കൊടുക്കുകയില്ലെന്നു് വെച്ചിട്ടുള്ളതു് ഗവമ്മെണ്ടിനു് ആ പണം ആദായം ഉണ്ടാകണമെന്നുള്ളഉദ്ദേശത്തിലല്ല. ഇപ്പോൾതന്നെ ഒരു ക്ലാസ്സിൽ തോല്ക്കുന്ന കുട്ടികൾക്കു് രണ്ടുകൊല്ലംവരെ കൺസ്സഷൻ കൊടുത്തുവരുന്നുണ്ടു്. ഇതു മൂന്നു കൊല്ലംവരെയാക്കിയാൽ കുട്ടികളുടെ ഉത്സാഹം ഇല്ലാതെ വരുവാൻ ഇടയുണ്ടു്. പൊതുവെ അധഃകൃത സമുദായത്തിന്റെ വിദ്യാഭ്യാസത്തിൽ വരുന്ന ദോഷത്തെയാണു് നോക്കേണ്ടതു്.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. കെ. കണ്ണൻ: പുസ്തകങ്ങൾ ശരിയായിട്ട കൊടുക്കാത്തതുകൊണ്ടും കൂടി കൂടിയാണ് തോല്ക്കുവാൻ ഇടവരുന്നതെന്നുണ്ട്".

റാവുസാഹിബ്ബ് കെ. അയ്യപ്പൻ: പുസ്തകം കൊടുക്കുവാൻ താമസിക്കുന്ന കാരണം കൊണ്ടുമാത്രം ഇത്രയുംകാലം തോല്ക്കുണമെന്നില്ല.

മിസ്റ്റർ കെ. കെ. കണ്ണൻ: ചിലപ്പോൾ Half yearly Examination അടുക്കുമ്പോഴാണ് പുസ്തകം കിട്ടുന്നതു".

റാവുസാഹിബ്ബ് കെ. അയ്യപ്പൻ: മറ്റു സമുദായത്തിലുള്ള കുട്ടികൾ തോല്ക്കുന്നതുപോലെ മാത്രമേ അധഃകൃത കുട്ടികൾ തോല്ക്കുന്നതിനേയും കണക്കാക്കുവാൻ നിവൃത്തിയുള്ളൂ. ഒരു സംഗതിയുംകൂടി ഞാൻ ബഹുമാനപ്പെട്ട മെമ്പരുടെ ദൃഷ്ടിയിൽ കൊണ്ടുവരാം. കോളേജു ക്ലാസ്സുകളിൽ പ്രൊട്ടക്ടർ ഉദ്ദേശിച്ചതിൽ കൂടുതൽ വിദ്യാർത്ഥികൾ വന്നതുകൊണ്ട്, ആ കൂടുതൽ കുട്ടികൾക്കുകൂടി സൌജന്യം അനുവദിക്കേണ്ട കാര്യം വന്നപ്പോൾ ഇത്ര കുട്ടികൾക്കുമാത്രം കൺസെഷൻ മതിയെന്നു വെച്ചില്ല. കൂടുതലായി വന്ന കുട്ടികൾക്കും കൺസെഷൻ അനുവദിച്ചു. ഈ മാതിരി ചിലവുകൾക്കു പണം അധികം വേണ്ടിവരുന്നതുകൊണ്ടു ന്യായമായി കുറക്കാവുന്ന ചിലവുകൾ ചുരുക്കേണ്ടതു ആവശ്യമാണ്. സമുദായത്തിന്റെ വിദ്യാഭ്യാസാഭിവൃദ്ധിയെ ആലോചിച്ചു", അവരിൽ ഏതാനുംപേരുടെ കാര്യം മാത്രം നോക്കി ഈ സംഗതിയിൽ ഗവണ്മെണ്ടിനെ നിർബ്ബന്ധിക്കുന്നതു ശരിയായിരിക്കുമെന്നു തോന്നുന്നില്ല. പിന്നെ അധഃകൃത വിദ്യാർത്ഥികൾക്കു ബുദ്ധിയില്ലെന്നുള്ള ധാരണ ഗവണ്മെണ്ടിന്നില്ല. വേറെ ആക്ഷേപം ഉണ്ടെന്നും തോന്നുന്നില്ല. അവരിലും ബുദ്ധിയുള്ള കുട്ടികൾ ഉണ്ട്. ബുദ്ധിയില്ലാത്ത കുട്ടികൾ എല്ലാ സമുദായത്തിലും ഉണ്ടാകാവുണ്ട്. അവരെയെല്ലാം പ്രോത്സാഹിപ്പിച്ചുകൊണ്ടുവരണമെന്നാണ് ഗവണ്മെണ്ടിന്റെ ഉദ്ദേശം. അതുകൊണ്ടാണ് ഈ ആനുകൂല്യം ഒരുകൊല്ലത്തിന്നു പകരം രണ്ടുകൊല്ലം വെച്ചിട്ടുള്ളതു". രണ്ടുകൊല്ലം തോല്ക്കുന്നവർ മുന്നാകിൽ ബുദ്ധിയില്ലാത്തവരോ, അല്ലെങ്കിൽ പഠിക്കുവാനുള്ള ശ്രദ്ധയില്ലാത്തവരൊ ആയിരിക്കണം. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതായ സംഗതികൾ ഗവണ്മെണ്ടു ധരിച്ചുകഴിഞ്ഞു. അതുകൊണ്ടു ബഹുമാനപ്പെട്ട മെമ്പർ ഗവണ്മെണ്ടിന്റെ ഒരു ഉറപ്പിക നഷ്ടപ്പെട്ടത്തരുതു" എന്നു മാത്രമേ പറയുവാനുള്ളൂ.

മിസ്റ്റർ കെ. കെ. കണ്ണൻ: സർ, എനിക്കു ഗവണ്മെണ്ടിന്റെ ഒരു ഉറപ്പിക നഷ്ടപ്പെട്ടണമെന്നു ഉദ്ദേശമില്ല. അതു ഗവണ്മെണ്ടിനും വലിയൊരു നഷ്ടമായിരിക്കുമെന്നു ഞാൻ വിചാരിക്കുന്നില്ല. പക്ഷെ, ഒരു ഉറപ്പികയുടെ കട്ടുമോഷൻ കൊണ്ടുവന്നിട്ടുള്ളതു വാസ്തവത്തിൽ അധഃകൃത വിദ്യാർത്ഥികൾക്കു വിദ്യാഭ്യാസത്തിൽ നേരിടുന്ന കഷ്ടപ്പാടുകളെ ഗവണ്മെണ്ടിനെ ധരിപ്പിക്കുവാൻവേണ്ടി മാത്രമാണ്. ഞാൻ അധഃകൃത വിദ്യാർത്ഥികളുടെ ആരോഗ്യസംബന്ധമായ കാര്യങ്ങളെപ്പറ്റിയും മറ്റും ഇവിടെ പറഞ്ഞിട്ടുള്ളതു ഒരു പരമാർത്ഥമാണ്. അതുപോലെതന്നെ പുസ്തകം കിട്ടാത്ത വിഷമതയും ഉണ്ട്. അങ്ങിനെ തുടർച്ചയായിട്ടുള്ള ബുദ്ധിമുട്ടുകൾ അധഃകൃത വിദ്യാർത്ഥികൾക്കു ഉണ്ടായികൊണ്ടിരിക്കുന്നതുകൊണ്ടാണ് അധഃകൃത വിദ്യാർത്ഥികൾ കൂടുതലായി തോല്ക്കുവാൻ ഇടവരുന്നതു". ഏതായാലും ഈ കാര്യത്തിൽ ഒരു ഭേദഗതി ചെയ്താൽ നന്നായിരിക്കുമെന്നു വിചാരിച്ചു", ഗവണ്മെണ്ടു ഈ സംഗതി പുനരാലോചിക്കണമെന്നു അപേക്ഷിച്ചുകൊണ്ടു സഭയുടെ അനുവാദത്തോടുകൂടി ഈ കട്ടുമോഷൻ പിൻവലിക്കുന്നു.

Motion, by leave, withdrawn

(vi) Age limits for students for passing the III form and S. S. L. C. Examination—Relaxation of

മിസ്റ്റർ കെ. കെ. കണ്ണൻ: To reduce the allotment of Rs. 62,19,604 for Education in Demand No. 23 by—Re. 1.

(To discuss the emergent necessity of taking away the age-limit that students should pass III Form and S. S. L. C. Examinations within the age of 16 and 20 respectively)

സർ, ഈ പ്രമേയത്തിൽ പറയുന്നതായിട്ടുള്ള സംഗതി വളരെ പ്രാധാന്യം അർഹിക്കുന്നുണ്ടെന്നു പറയാതെ തരമില്ല. ഫസ്റ്റു വയസ്സിനുള്ളിൽ ഏഴാംക്ലാസ്സും, ടൂ വയസ്സിനുള്ളിൽ പത്താംക്ലാസ്സും പാസ്സായിരിക്കണമെന്നുള്ള നിയമംമൂലം ഏറ്റവും കൂടുതൽ ബുദ്ധിമുട്ടു നേരിടുന്നതു വിദ്യാഭ്യാസത്തിൽ ഏറ്റവും പിന്നോക്കം നില്ക്കുന്ന സമുദായങ്ങൾക്കാ

LIBRARY ARCHIVES Kerala Legislative Assembly